(6) സഹകരണം, മാനേജ്മെന്റ് തുടങ്ങിയവയ്ക്കുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനം സ്ഥാപിക്കും.

(7) നീതി മെഡിക്കൽ സ്റ്റോറുകളുടേയും നീതി സ്റ്റോറുകളുടേയും എണ്ണം വർദ്ധിപ്പിക്കും.

(8) ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളുമായി ബന്ധിപ്പിച്ച് അവശ്യസാധനങ്ങൾ സർക്കാർ സബ്സിഡിയോടെ കൺസ്യൂമർ ഫെഡറേഷൻവഴി വില കുറച്ച് വിതരണം നടത്തുന്ന പദ്ധതി നടപ്പാക്കും.

(9) കൺസ്യൂമർ ഫെഡറേഷൻ സ്വന്തമായി എൽ.പി.ജി. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പുതിയതായി ഒരു ലക്ഷം പേർക്കുകൂടി പാചക വാതക കണക്ഷൻ നൽകുന്നതിനും നടപടികൾ സ്വീകരിക്കും.

(10) വിളവ് കാലത്ത് ഉല്പാദന കേന്ദ്രങ്ങളിൽനിന്നും ഭക്ഷ്യ ധാന്യങ്ങൾ വൻതോതിൽ സംഭരിച്ച് സൂക്ഷിക്കുന്നതിന് വൻകിട കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ നടപടി സ്വീകരിക്കും.

(11) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വാർത്താ വിനിമയ രംഗത്തെ ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ "നീതി കമ്മ്യൂണിക്കേഷൻ സെന്ററുകൾ" സ്ഥാപിക്കുന്നതിന് സഹകരണ മേഖലയിൽ പദ്ധതി ആവിഷ്കരിക്കും.

18 (*328) അണക്കെട്ടുകളിൽനിന്ന് പാഴായിപ്പോകുന്ന ജലം

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ അണക്കെട്ടുകളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന വെള്ളം പാഴായി പോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ജലവൈദ്യുത പദ്ധതികളുടെ അണക്കെട്ടുകളിലെ ജലനിരപ്പ് ഉയരുന്നതിന് ആനുപാതികമായി വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ വൈദ്യുതി ബോർഡിന് ഇന്ന് കഴിയുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) അണക്കെട്ടുകളിലെ ജലനിരപ്പ് ഉയരുന്നതനുസരിച്ച് വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പെരിങ്ങൽകുത്ത്, നേര്യമംഗലം, ചെങ്കുളം എന്നീ ജലവൈദ്യുത പദ്ധതികളുടെ അണക്കെട്ടുകളിലെ ഉല്പാദനശേഷി പരമാവധി ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിലുണ്ടായ അതിവൃഷ്ടിയിൽ പ്രസ്തുത ജലസംഭരണികളിൽ രേഖപ്പെടുത്തിയ ജലം സർവ്വകാല റിക്കാർഡ് ആയിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ദീർഘവീക്ഷണത്തോടെ വെള്ളം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അതിവർഷംമൂലം നീരൊഴുക്ക് വർദ്ധിച്ചുവന്ന ചില അവസരങ്ങളിൽ ചെറിയ ജലസംഭരണികളായ കുറ്റ്യാടി, പെരിങ്ങൽകുത്ത്, നേര്യമംഗലം എന്നിവ ചുരുക്കം ചില ദിവസങ്ങളിൽ കവിഞ്ഞൊഴുകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അണക്കെട്ടുകളിലെ ജലനിരപ്പ് ഉയരാത്തതിന് ആനുപാതികമായി പരമാവധി സ്ഥാപിതശേഷി അനുസരിച്ചുള്ള വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുന്നുണ്ട്.

(സി) ഉണ്ട്. ജലവൈദ്യുത പദ്ധതികളുടെ സംഭരണികളിലെ ജലനിരപ്പ് ഉയരുന്നതനുസരിച്ച് ചെറിയ ജലസംഭരണികളുള്ള നിലയങ്ങളിൽ പരമാവധി ഉല്പാദനം നടത്തുകയും വലിയ ജലസംഭരണികളുള്ള നിലയങ്ങളിൽ വെള്ളം പരമാവധി വേനൽക്കാലങ്ങളിലെ ആവശ്യങ്ങൾക്കായി സൂക്ഷിക്കുന്നതിന് അവിടത്തെ വൈദ്യുതി ഉല്പാദനം ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്.

(ഡി)&(ഇ) നേര്യമംഗലം, ചെങ്കുളം എന്നീ പദ്ധതികളിലെ എല്ലാ ജനറേറ്ററുകളും പൂർണ്ണ തോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. പെരിങ്ങൽകുത്തിലെ ഒരു ജനറേറ്റർ അറ്റകുറ്റപ്പണികൾക്കായി നിർത്തിവച്ചിരിക്കുകയാണ്.

പെരിങ്ങൽകുത്ത്, നേര്യമംഗലം എന്നീ ജലസംഭരണികൾ താരതമ്യേന ചെറിയവയാണ്. അവയിൽ നിന്നും എല്ലാ മഴക്കാലങ്ങളിലും ചില ദിവസങ്ങളിൽ ജലം കവിഞ്ഞൊഴുകാറുണ്ട്. പക്ഷേ, ആ ജലം പാഴായി പോകുന്നില്ല. പെരിങ്ങൽകുത്ത് ജലസംഭരണിയിൽ കവിഞ്ഞൊഴുകുന്ന ജലം പെരിങ്ങൽ, ഇടതുകര പദ്ധതിയിൽ ഉപയോഗിക്കുന്നതുകൊണ്ടും നേര്യമംഗലം ജലസംഭരണിയിൽനിന്നും കവിഞ്ഞൊഴുകുന്ന ജലം ലോവർ പെരിയാർ പദ്ധതിയിൽ ഉപയോഗിക്കുന്നതുകൊണ്ടും ജലം പാഴായിപ്പോകുന്നില്ല. അതുപോലെ ചെങ്കുളം സംഭരണിയിൽ കവിഞ്ഞൊഴുകുന്ന ജലം നേര്യമംഗലം പദ്ധതിയിലും ഉപയോഗിക്കപ്പെടുന്നു. ചെറിയ സംഭരണി എല്ലാ വർഷ കാലങ്ങളിലും നിറയാറുണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്. ജലവൈദ്യുതിയുടെ ഉല്പാദനം ക്രമീകരിക്കുന്നത് കഴിഞ്ഞ 10 വർഷത്തെ ശരാശരി ജനലഭ്യത കണക്കിലെടുത്താണ്. കൂടാതെ താരതമ്യേന ചെറിയ ജലസംഭരണികളുള്ള നേര്യമംഗലം, പെരിങ്ങൽകുത്ത്, കുറ്റ്യാടി എന്നിവയിൽനിന്നും നിറഞ്ഞൊഴുകുന്ന വെള്ളം പാഴായി പോകാതിരിക്കുന്നതിനുവേണ്ടിക്കൂടിയാണ് യഥാക്രമം ലോവർ പെരിയാർ, പെരിങ്ങൽകുത്ത് ഇടതുകര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയതും കുറ്റ്യാടി എക്സ്റ്റൻഷൻ, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നതും.

LIBRARY ARCHIVES Kerala Legislative Assembly